**14-ാം കേരള നിയമ സഭ**

**10-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4543** **21-03-2018 -ൽ മറുപടിയ്ക്ക്**

# നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഡി.കെ. മുരളി** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) കേന്ദ്ര സർക്കാരിന്റെ നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ എന്താണ്; വിശദവിവരങ്ങൾ നൽകാമോ; | (എ) മെഡിക്കൽ വിദ്യാഭ്യാസ കമ്മീഷൻ ബിൽ 2017 മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വിദഗ്ധരുടെ സാന്നിദ്ധ്യം ഉറപ്പാക്കാനായി ഈ രംഗത്തെ ഗവേഷണ ഫലങ്ങൾ വേണ്ട രീതിയിൽ ഉപയോഗപ്രദമാക്കി, കൂടുതൽ സംഭാവന നൽകാനും, മെഡിക്കൽ വിദ്യാഭ്യാ സ്ഥാപനങ്ങളെ കാലാകാലങ്ങളിൽ വിലയിരുത്തി ദേശീയ തലത്തിൽ മെഡിക്കൽ രജിസ്റ്റർ നിലനിർത്താനും മെഡിക്കൽ സേവനങ്ങൾക്ക് ഉന്നത നിലവാരം ഉറപ്പുവരുത്തി ഫലപ്രദമായി പരാതി പരിഹാര പ്രക്രിയ നടപ്പിലാക്കാനും ഉദ്ദേശിച്ചിട്ടുള്ളതാണ് എന്ന് വിവക്ഷിച്ചിട്ടുണ്ട്. |
| (ബി) ടി ബിൽ സംസ്ഥാനത്തിന്റെ ആരോഗ്യ പ്രവർത്തനങ്ങളെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (ബി) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 60% സീറ്റുകളിലെ ഫീസ് നിയന്ത്രണാധികാരം കോളേജ് നടത്തിപ്പുകാരിൽ നിക്ഷിപ്തമാകുന്നതോടെ പാവപ്പെട്ട കുട്ടികൾക്ക് ആധുനിക വൈദ്യ ശാസ്ത്ര പഠനം പ്രാപ്യമല്ലാതായി തീരുന്നതാണ്. സംസ്ഥാന സർക്കാരുകൾക്ക് മുഴുവൻ സമയ പ്രാതിനിധ്യം ലഭിക്കില്ലെന്നതിനാൽ മെഡിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട |

(............2)

നയരൂപീകരണം, പരിശീലനം തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കുന്നതിനുള്ള അധികാരം കമ്മീഷനിൽ മാത്രമായി നിജപ്പെടുന്നതാണ്. വിദേശ രാജ്യങ്ങളിൽ പഠനം നടത്തിയവർക്ക് രാജ്യത്തെ യോഗ്യതാ പരീക്ഷയുടെ അഭാവത്തിൽ പോലും ചികിൽസ നടത്താൻ കഴിയുമ്പോൾ രാജ്യത്തിനകത്ത് പഠനം പൂർത്തിയാക്കിയവർക്ക് 'എക്സിറ്റ്' പരീക്ഷ പാസാകേണ്ടതുണ്ട്. ബില്ലിലെ ഇത്തരം നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ ആരോഗ്യപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നു.

**സെക്ഷൻ ഓഫീസർ**